(സി) നിലവിലുള്ള ലോണുകൾക്ക് പലിശ ഇളവ് നൽകുന്നതിനും ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് പലിശരഹിത ലോണുകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

കോവിഡ്-19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക്, വായ്പകളെ തരംതാഴാതെ തന്നെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0-Resolution of Covid 19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടുവർഷം വരെ മോറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0- Resolution of Covid 19 related stress of Individual and Small Business പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും ബാങ്കുകൾ റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതുമാണ്. മോറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് റിസർവ് ബാങ്ക് ഗവർണറോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. ദേശീയ വാണിജ്യബാങ്കുകളിലെ വായ്പകളുടെ പലിശ നിരക്കുകൾ തീരുമാനിക്കുന്നത് റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി അതാത് ബാങ്കുകളുടെ ഭരണസമിതിയാണ്.

**സ്ത്രീധന നിരോധന നിയമങ്ങൾ**

148 (1512) ശ്രീ. എം. എം. മണി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് സ്ത്രീധന നിരോധന നിയമങ്ങൾ നിലവിലുണ്ടെങ്കിലും സ്ത്രീധന പീഡനങ്ങളും മരണങ്ങളും നടക്കുന്നതായ വാർത്തകൾ സർക്കാർ ഗൗരവമായി പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീധന പീഡനങ്ങളും മരണങ്ങളും നടക്കുന്നതായ വാർത്തകൾ സർക്കാർ ഗൗരവമായി എടുത്തിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ കേരളാ സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി (കേരള സ്ത്രീധന നിരോധന ഭേദഗതി ചട്ടങ്ങൾ, 2021) എല്ലാ ജില്ലകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. സ്ത്രീധന പീഡനം കാരണം ഒരു മരണമോ ആത്മഹത്യയോ സംസ്ഥാനത്ത് ഉണ്ടാവാത്ത സാഹചര്യം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

(ബി) വിവാഹ നടത്തിപ്പിൽ ഇടനിലക്കാരായ സാമുദായിക മതസ്ഥാപനങ്ങളുടെ വിവാഹ രജിസ്റ്ററിൽ വിവാഹ സമയം വധു അണിഞ്ഞിരുന്ന ആഭരണങ്ങളുടെയും വരന് നൽകിയ പോക്കറ്റ് മണിയുടെയും കണക്കുകൾ രേഖപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ചില സാമുദായിക സംഘടനകളുടെ വിവാഹ രജിസ്റ്ററിൽ വിവാഹ സമയം വധു അണിഞ്ഞിരിക്കുന്ന ആഭരണങ്ങളുടെയും വരന് നൽകിയ പോക്കറ്റ് മണിയുടെയും കണക്കുകൾ രേഖപ്പെടുത്താറുണ്ട്.

(സി) വിവാഹ നിശ്ചയത്തിന് ശേഷമോ, വിവാഹാനന്തര ദിവസങ്ങളിലോ വധുവിന്റെയോ വരന്റെയോ പേരിൽ വലിയ തുകകൾ ബാങ്ക് നിക്ഷേപമായി നൽകുന്നതായ വിവരങ്ങൾ സ്ത്രീധനത്തിന് സമാനമായ നടപടിയായി കാണാൻ കഴിയുമോയെന്ന് അറിയിക്കാമോ?

1961-ലെ സ്ത്രീധന നിരോധന ആക്ട്, വകുപ്പ് 3 ന്റെ ഉപവകുപ്പ് 2-ൽ, വിവാഹ സമയത്ത് വധുവിനോ വരനോ നൽകുന്ന സമ്മാനം സ്ത്രീധനമായി കരുതപ്പെടില്ലെന്ന് പറയുന്നു. എന്നാൽ വിവാഹനിശ്ചയത്തിന് ശേഷമോ വിവാഹാനന്തര ദിവസങ്ങളിലോ വധുവിന്റെയോ വരന്റെയോ പേരിൽ സമ്മാനം എന്ന വ്യാജേന വലിയ തുകകൾ ബാങ്ക് നിക്ഷേപമായി നൽകുന്നത് സ്ത്രീധനത്തിന് സമാനമായ നടപടിയായി കാണാവുന്നതാണ്.

(ഡി) എങ്കിൽ ഇത്തരം പ്രവൃത്തികൾ തടയുന്നതിന് നിയമ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ കേരള സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി (കേരള സ്ത്രീധന നിരോധന ഭേദഗതി ചട്ടങ്ങൾ, 2021) എല്ലാ ജില്ലകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി

LIBRARY ARCHIVES Kerala Legislative Assembly

നിയോഗിച്ചിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ദ്ധോപദേശവും നിയമസഹായവും നൽകുന്നതിനായി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിക്കുന്ന വിഷയം പരിഗണനയിലാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി, വിവാഹിതരാകുന്ന സർക്കാർ ജീവനക്കാർ, സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് നൽകണമെന്ന് ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായ വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ഐ.സി.എം.ആർ.-ന്റെ കോവിഡ് മാനദണ്ഡങ്ങൾ

149 (1513) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച ഐ.സി.എം.ആർ.-ന്റെ കോവിഡ് മാനദണ്ഡങ്ങൾ എല്ലാ സ്ഥാപനങ്ങളും പാലിക്കണമെന്ന് നിർബന്ധമുണ്ടോ; എങ്കിൽ കോവിഡിന്റെ ആദ്യ തരംഗം മുതൽ സംസ്ഥാനത്ത് ഇത് പാലിച്ചിരുന്നോ; മാനദണ്ഡങ്ങൾ ലംഘിക്കുന്നവരിൽ നിന്ന് പിഴ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിരുന്നോ?

ഐ.സി.എം.ആർ.-ന്റെയും ലോകാരോഗ്യ സംഘടനയുടെയും നിർദ്ദേശ പ്രകാരമുള്ള കോവിഡ് മാനദണ്ഡങ്ങൾ തന്നെയാണ് സംസ്ഥാനത്തും നടപ്പാക്കിയിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളും ഇത് പാലിക്കണം എന്നത് സംബന്ധിച്ച കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിരുന്നു. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച കേരള സാംക്രമിക രോഗങ്ങൾ ആക്ട് 2021 പ്രകാരം മാനദണ്ഡങ്ങൾ ലംഘിക്കുന്നവരിൽനിന്നും പിഴ ഈടാക്കുന്നതിനും ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനുമുള്ള അധികാരം പോലീസ് ഉൾപ്പെടെയുള്ള വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

(ബി) പൊതുജനങ്ങൾ പാലിക്കേണ്ട സാമൂഹ്യ അകലം കോവിഡിന്റെ ആദ്യ വ്യാപനത്തിൽ എത്രയായിരുന്നു; ഇത് രണ്ടാം വ്യാപനത്തിൽ എത്രയാണ്; രണ്ടാം തരംഗത്തിൽ എത്ര ജീവനുകളാണ് സംസ്ഥാനത്ത് നഷ്ടമായത് എന്നറിയിക്കുമോ?

കോവിഡിന്റെ ആദ്യതരംഗത്തിലും രണ്ടാം തരംഗത്തിലും പാലിക്കേണ്ട സാമൂഹിക അകലം 2 മീറ്റർ തന്നെയായിരുന്നു. സ്വീകരിക്കേണ്ട മറ്റ് സുരക്ഷാ മാനദണ്ഡങ്ങളിലും മാറ്റങ്ങൾ ഒന്നുംതന്നെ വരുത്തിയിട്ടില്ല. 2021 ഏപ്രിൽ 01 മുതൽ ജൂലൈ 25 വരെ 11549 കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly